പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3853 — 15.12.2014-ൽ മറുപടിക്ക്.

## കൊയിലാണ്ടി കോടതിയുടെ പുതിയ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി കോടതിയുടെ പഴയ കെട്ടിടം പെളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയ കെട്ടിടം പൊളിക്കാനുള്ള ലേല നടപടികൾ അംഗീകരിക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന ആഭ്യന്തര വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട തുടർ നടപടികൾ വിശദമാക്കാമോ;<br><br>(ബി) കൊയിലാണ്ടി കോടതി ദൈ്വശതാബ്ദി കെട്ടിടം പണി ടെണ്ടർ നടപടികഴിഞ്ഞ ശേഷം അനിശ്ചിതാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പഴയ കോടതി കെട്ടിടം പൊളിച്ചു മാറ്റുന്നതിനും പുതിയ കെട്ടിട നിർമാണ പ്രവർത്തനം സുഗമമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ആവശ്യമായ ഉത്തരവ് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ? | : (എയും, ബിയും, സിയും) കൊയിലാണ്ടി കോടതിയുടെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചതിലും കുറഞ്ഞ ലേലം ഉറപ്പിച്ച കൊയിലാണ്ടി സബ് ജഡ്ജിന്റെ നടപടി സാധൂകരിക്കണമെന്ന ജില്ലാ കളക്ടറുടെ ശുപാർശ റവന്യൂ വകുപ്പിൽ നിന്നും 11.12.2014-ൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. കെട്ടിടം പണി സംബന്ധിച്ച അനിശ്ചിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

Rema.V

സെക്ഷൻ ഓഫീസർ